പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 182 17.06.2014–ൽ മറുപടിക്ക്

## സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ.വാഹീദ് | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യ നികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011–ൽ ആരംഭിച്ചു. വാഹനപരിശോധനക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27.11.2012–മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച്, പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ, മുത്തങ്ങ, ബംഗ്രാ–മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങാനും ലക്ഷ്യമിടുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക. ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യ |

| | | | |
|---|---|---|---|
| | | | ങ്ങൾ സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുക ളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യമാവു കയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാ ധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കു ന്നത്; വിശദമാക്കുമോ; | (സി) | വാണിജ്യ നികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റിൽ പ്രവർത്തിക്കുന്നത്. ടി വകുപ്പുകളുടെ ചെക്ക്പോസ്റ്റുകൾ സംയോജിപ്പിക്കുക വഴി ഇവയുടെ പ്രവർത്തനം ഒരു കുടക്കീഴിലാക്കാനാകും ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും, വേഗ ത്തിലാക്കാനും അതുവഴി ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കുവാനും സാധിക്കും. |
| (ഡി) | സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് ആരം ഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ ഒരു സംയോ ജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി കൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക്പോസ്റ്റ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോ ജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാളയാ റിൽ വാണിജ്യ നികുതി, ട്രാൻസ്പോർട്ട്, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, മുത്തങ്ങ, ബംഗ്രാ-മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാ നപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുക ളാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ